'106449/2023

വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. പ്രിയങ്ക ജി. IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് ------ **പോഷൻ അഭിയാൻ** – "**ലോക മുലയൂട്ടൽ വാരാചരണം** 2023" - വിവിധ പ്രവർത്തങ്ങൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. **പോഷൻ2.0 മാർഗ്ഗ രേഖ**
2. DWCD/3794/2023-WEC-7 dated 15.07.2023
3. Order No.DWCD/3794/2023-WEC-7

<u>ഉത്തരവ് നം. DWCD/3923/2023-SA1 NNM തീയതി: 20-07-2023</u>

സൂചന (1) പ്രകാരം ഓഗസ്റ്റ് മാസം ഒന്ന് മുതൽ ഏഴ് വരെ ലോക മുലയൂട്ടൽ വാരമായി ആചരിക്കുകയാണ്. മുലപ്പാലിന്റെ പ്രാധാന്യത്തെക്കുറിച്ചും മുലപ്പാൽ ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽ നവജാത ശിശുവിന് നൽകുന്നതിനും ആറ്മാസം വരെ മുലപ്പാൽ മാത്രം നൽകുന്നതിനെ കുറിച്ചും ആറ് മാസം മുതൽ രണ്ടു വയസ്സ് വരെ ഉള്ള കുട്ടികൾക്ക് മറ്റ് ഭക്ഷണത്തോടൊപ്പം മുലപ്പാൽ കൂടി നൽകാൻ ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടി ആണ് ആഗോള തലത്തിൽ ഈ വാരാചരണം സംഘടപ്പിക്കുന്നത്. ഈ വർഷത്തെ (2023) പ്രമേയം "Enabling breastfeeding :making a difference for working parents ". എന്നതാണ്. മുലയൂട്ടൽ വാരാചരണത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ജില്ലാതലത്തിലും ,ഐ സി ഡി എസ് പ്രൊജക്റ്റ് തലത്തിലും അങ്കണവാടി തലത്തിലും നടത്തേണ്ടതാണ്. മുലയൂട്ടൽ വാരാചരണത്തോട് അനുബന്ധിച്ച് ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തങ്ങൾ നിർവഹിക്കേണ്ടതാണ്.

| Sl No | Item | Description | Remarks |
|---|---|---|---|
| 1<br>01.08.2023<br>(2 PM)<br>07.08.2023 | സാമൂഹികാധിഷ്ഠിത പരിപാടി | മുലപ്പാലിന്റെ പ്രാധാന്യത്തെക്കുറിച്ചും മുലപ്പാൽ ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽ നവജാത ശിശുവിന് നൽകുന്നതിനും ആറ്മാസം വരെ മുലപ്പാൽ മാത്രം നൽകുന്നതിനെ കുറിച്ചും ആറ് മാസം മുതൽ രണ്ടു വയസ്സ് വരെ ഉള്ള കുട്ടികൾക്ക് മറ്റ് ഭക്ഷണത്തോടൊപ്പം മുലപ്പാൽ കൂടി നൽകാൻ ഗർഭിണികളിലും കുടുംബാംഗങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനായി CBE നടത്തേണ്ടതാണ്. ടി പരിപാടിയോടൊപ്പം ഒരു എക്സിബിഷൻ കൂടി സംഘടിപികേണ്ടതാണ്<br><br>ഓഗസ്റ്റ് 7-ന്, ഹീമോഗ്ലോബിന്റെ അളവ്, | Estimated Budget<br>250x2x33115= 16557500/- |

| | | | |
|---|---|---|---|
| | | വിളർച്ച തടയൽ ഗർഗർഭധാരണത്തിനു മുമ്പുള്ള ഫോളിക് ആസിഡ് കഴിക്കൽ, ഗർഭകാലത്തും അതിനു ശേഷവും സ്ത്രീകൾക്കിടയിൽ ശരിയായ പോഷകാഹാരം കഴിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഗർഭധാരണത്തിനു മുമ്പുള്ള തയ്യാറെടുപ്പ് ഇവയുടെ പ്രാധാന്യത്തെക്കുറിച്ചും CBE നടത്തേണ്ടതാണ്. ടി പരിപാടിയോടൊപ്പം ഒരു എക്സിബിഷൻ കൂടി സംഘടിപികെണ്ടാതന്നു.<br>ഓരോ അങ്കണവാടി സെന്ററിനും @ 250 രൂപ വീതം (250 *2*33115) ഓരോ CBE നടത്തുന്നതിനും മൊത്തം 16557500/- രൂപ നൽകും.<br>കൂടാതെ ഇരുമ്പ് അടങ്ങിയ ഭക്ഷണം, ഇരുമ്പ് ആഗിരണം, മുലപ്പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഭക്ഷണങ്ങൾ, പോഷകാഹാരം ചോർച്ച തടയൽ എന്നിവയെക്കുറിച്ചുള്ള പ്രദർശനം ക്രമീകരിക്കും | |
| 2<br>02.08.2023 to 03.08.2023 | "Enabling breast feeding: making a difference for working parents ". എന്ന വിഷയം ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കൽ | ജില്ലാ തലത്തിൽ "മുലയൂട്ടൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ബോധവത്കരണത്തിന്റെ ഭാഗമായി : "Enabling breast feeding: making a difference for working parents ". എന്ന വിഷയത്തിൽ ഒരു സെമിനാറുകൾ സംഘടിപ്പിക്കുക. സെമിനാറിൽ പ്ലാന്റേഷൻ മേഖല, ആരോഗ്യ വകുപ്പ്, തൊഴിൽ വകുപ്പ്, പൊതുമരാമത്ത് ഉദ്യോഗസ്ഥർ, സ്വകാര്യ തൊഴിൽ ഉടമകൾ/സ്ഥാപാന മേധാവികൾ വനിതാ സന്നദ്ധ സംഘടനകൾ, യൂണിയൻ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.<br>കൂടാതെ IEC പ്രവർത്തനങ്ങൾ റേഡിയോയിലൂടെയും സോഷ്യൽ മീഡിയയിലൂടെയും കാമ്പെയ്ൻ നടത്തേണ്ടതുമാണ്. ഈ ആവശ്യങ്ങൾക്കായി പോഷൻ അഭി.യാന്റെ IEC component-ൽ ഉൽപ്പെടുത്തി ഓരോ ജില്ലയ്ക്കും 100000 /- നൽകുന്നതാണ്. ( 1400000/-) | Estimated Budget<br>1400000/- (14*100000) |
| 3.<br>02.08.2023 to 06.08.2023 | | അങ്കണവാടി വർക്കർ അവരവരുടെ പ്രദേശങ്ങളിലെ ഗർഭിണികൾക്കിടയിലും മുലയൂട്ടുന്ന സ്ത്രീകൾക്കുമിടയിലും അവരുടെ കുടുംബാംഗങ്ങൾക്കിടയിലും മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനും പോഷകാഹാരങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും കൗൺസിലിംഗ് നടത്തേണ്ടതാണ്. | |
| 4.<br>01.08.2023 to 07.08.2023 | | Maternity Benefit Act അനുശാസിക്കുന്ന പ്രകാരം തൊഴിലിടങ്ങളിൽ മുലയൂട്ടുന്നതിന് വേണ്ടി സൗകര്യങ്ങൾ ഒരുക്കുന്നതിനായി തൊഴിലുടമകൾ/സ്ഥാപാന മേധാവികൾ, നയരൂപകർത്തകൾ എന്നിവർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി PO, cdpos, icds സൂപ്പർവൈസർമാർ 50-ഓ അതിലധികമോ ജീവനക്കാരുള്ള ജോലിസ്ഥലങ്ങ | Order No.DWCD/3794/2023-WEC-7 dated 20.07.2023 |

/106449/2023

| | | | |
|---|---|---|---|
| | | ളിലും വർക്ക് കോംപ്ലക്സുകളിലും വാണിജ്യ ജ ോലി സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മുല യൂട്ടൽ കേന്ദ്രങ്ങൾ, ക്രഷുകൾ എന്നിവ ആരം ഭിക്കുന്നതിന് തൊഴിലിടങ്ങൾ/സ്ഥാപനങ്ങൾ സന്ദർശിച്ച് (സെക്ടറുകൾ/പദ്ധതി മേഖല) റിപ്പോർട്ട് ചെയ്യാനും നിർദ്ദേശം നൽകിയിട്ടു ണ്ട് | |
| | | 50 അല്ലെങ്കിൽ അതിൽ കൂടുതൽ ജീവനക്കാ രുള്ള സ്ഥലങ്ങളിൽ ക്രഷ് സൗകര്യം ആരംഭ ിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ ലേബർ കമ്മീഷണ കത്ത് നൽകിയിട്ടുണ്ട്. | Letter No.DWCD/3794/2023-WEC-7 dated 15.07.2023 |

PRIYANKA G)

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. 
   - ജില്ലാ വനിത ശിശു വികസന ഓഫീസർമാർ
   - ജില്ലാ പ്രോഗ്രാം ഓഫീസർമാർ
   - സി ഡി പി ഒ - മാർ
   - സൂപ്പർവൈസർ
   - എല്ലാ അങ്കണവാടി വർക്കർമാർക്കും ( സൂപ്പർവൈസർമാർ മുഖേന )
   - സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ligned by Priyanka G
Date: 20-07-2023 17:10:22